കേരള സർക്കാർ

നം.9953/ഡിസി1/2010/തസ്വഭവ. തദ്ദേശ സ്വയംഭരണ(ഡിസി) വകുപ്പ്,

തിരുവനന്തപുരം,

തീയതി: 23-2-2010.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ശുചിത്വ കാമ്പയിൻ - സർക്കാർ സ്ഥാപനങ്ങളും സർക്കാർ സഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങളും പ്ലാസ്റ്റിക് നിയന്ത്രണ പ്രവർത്തനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ - സംബന്ധിച്ച്.

കേരളത്തിൽ പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം കുറയ്ക്കുന്നതിന് സർക്കാർ വിവിധ നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത നിയന്ത്രണങ്ങൾ നിലവിലുള്ളപ്പോഴും സർക്കാർ സ്ഥാപനങ്ങളും, സർക്കാർ സഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങളും ഉദ്യോഗസ്ഥന്മാരും നിരോധിച്ച പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരോധിച്ച പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി. ബന്ധപ്പെട്ടവർ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന പൊതു പരിപാടികളിലും മീറ്റിംഗുകളിലും ഫ്ളക്സ് ബോർഡുകളും പ്ലാസ്റ്റിക് തോരണങ്ങളും ഉപയോഗിക്കുന്നത് ഒഴിവാക്കണം. പകരമായി തുണികൊണ്ടുള്ള ബാനറുകളും പേപ്പർ തോരണങ്ങളും ഉപയോഗിക്കേണ്ടതാണ്.

2. പ്ലാസ്റ്റിക്കൊണ്ട് നിർമ്മിച്ച ഗ്ലാസ്സുകളും കപ്പുകളും സർക്കാർ ചടങ്ങുകളിൽ ഒഴിവാക്കേണ്ടതും, പകരമായി പേപ്പർ കപ്പുകളോ സ്റ്റീൽ ഗ്ലാസ്സുകളോ കുപ്പി ഗ്ലാസ്സുകളോ ഉപയോഗിക്കേണ്ടതുമാണ്.

3. ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾ, സൂപ്പർമാർക്കറ്റുകൾ തുടങ്ങിയ (സിവിൽ സപ്ലൈസ് ഉൾപ്പെടെ) കച്ചവട സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം പരമാവധി കുറയ്ക്കണം. പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരമായി തുണി സഞ്ചികളോ, പേപ്പർ സഞ്ചികളോ ഉപയോഗപ്പെടുത്തണം.

4. 30 മൈക്രോണിൽ താഴെ കട്ടിയുള്ളതും 20 സെ.മീ. X 30 സെ.മീ. വലിപ്പത്തിൽ കുറവുള്ളതുമായ പ്ലാസ്റ്റിക് സഞ്ചികൾ ഉപയോഗിക്കാനോ, വിൽക്കാനോ പാടുള്ളതല്ല.

..................2/-

5. പുന:ചംക്രമണം നടത്തിയ പ്ലാസ്റ്റിക് സഞ്ചികൾ ഭക്ഷണപദാർത്ഥങ്ങൾ സംഭരിക്കാനോ കൊണ്ടുപോകാനോ, പൊതിയാനോ ഉപയോഗിക്കാൻ പാടുള്ളതല്ല.

6. സർക്കാർ വക പ്രസിദ്ധീകരണങ്ങൾ തപാലിൽ അയയ്ക്കുന്നതിനായി പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

എസ്.എം.വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും.
ഡയറക്ടർ, ഐ.ആന്റ് പി.ആർ.ഡി.വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

ഉത്തരവിൻപ്രകാരം അയക്കുന്നത്,

HCKunhi P

സെക്ഷൻ ഓഫീസർ.